പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 5175 — 28.10.2016 ൽ മറുപടിക്ക്

# വാഹനാപകടങ്ങളിലെ വർദ്ധനവ്

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.സി.കൃഷ്ണൻ<br>,, പി.വി. അൻവർ<br>,, പി.കെ. ശശി<br>,, ബി.ഡി. ദേവസ്സി | ശ്രീ. എ. കെ. ശശീന്ദ്രൻ<br>(ഗതാഗത വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്തെ വാഹനാപകടങ്ങളിൽ മുഖ്യമായൊരു പങ്ക് സ്വകാര്യ ബസ്സുകളുടെ മത്സരയോട്ടം കൊണ്ടാണ് എന്നതിനാൽ അത് നിയന്ത്രിക്കാനായി എന്ത് നടപടി സ്വീകരിക്കുമെന്ന് അറിയിക്കുമോ; | (എ) സംസ്ഥാനത്തെ ബസുകളുടെ മത്സര ഓട്ടം നിയന്ത്രിക്കുവാനും അപകടങ്ങൾ ഒഴിവാക്കുന്നതിനുമായി സമയക്രമ ഉത്തരവ് പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിനായി ആർ & ഡി ടീമിനോട് ആവശ്യപ്പെടുകയും, ടി റിപ്പോർട്ട് ലഭിക്കുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ടിന്മേൽ തുടർ നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ബി) കുറച്ചുകാലമായി കെ.എസ്.ആർ.ടി.സി. ബസുകൾ ഉൾപ്പെടുന്ന അപകടങ്ങൾ വർദ്ധിച്ചുവരുന്നത് പരിശോധിച്ചിരുന്നോ; ഡ്രൈവർമാരുടെ പരിചയക്കുറവും അശ്രദ്ധയും അശാസ്ത്രീയമായ ഷെഡ്യൂളുകളും ആണോ ഇതിന് കാരണമാകുന്നതെന്നും അപകടങ്ങൾ ഒഴിവാക്കാനായി എന്ത് മാർഗ്ഗമാണ് ഉദ്ദേശിക്കുന്നതെന്നും വ്യക്തമാക്കുമോ;<br>(സി) രാജ്യത്തെ ഏറ്റവും മോശമായ ഡ്രൈവിംഗ് സംസ്കാരം പുലർത്തുന്നവരാണ് സംസ്ഥാനത്തെ പ്രധാന നഗരങ്ങളിലെന്ന ക്രൈം റെക്കോർഡ്സ് ബ്യൂറോയുടെ റിപ്പോർട്ടിന്റെയടിസ്ഥാനത്തിൽ എന്ത് തിരുത്തൽ നടപടിയാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് അറിയിക്കുമോ ? | (ബി) യും (സി) ഉം കെ.എസ്.ആർ.ടി.സി. ബസ് അപകടങ്ങൾ സംബന്ധിച്ചും ഡ്രൈവർമാരുടെ അശ്രദ്ധ സംബന്ധിച്ച് നിരവധി പരാതികൾ ലഭിച്ചിട്ടുണ്ട്. അനിയന്ത്രിതമായ വാഹനപ്പെരുപ്പം റോഡുകളുടെ ശോചനീയാവസ്ഥ എന്നിവയും ഗതാഗതനിയമം ലംഘിച്ചുകൊണ്ട് ഓടിക്കുന്ന മറ്റ് വാഹന ഉപയോക്താക്കളുടെ നടപടികളും അപകടങ്ങൾക്ക് കാരണമാകുന്നുണ്ട്. അപകടങ്ങൾ ഒഴിവാക്കുന്നതിനായി "സുരക്ഷിത ഗതാഗതവും ഉയർന്ന ഇന്ധനക്ഷമതയും കെ.എസ്.ആർ.ടി.സി യിൽ എന്ന പരിശീലന പരിപാടി'' 2012 ആഗസ്റ്റ് മാസം മുതൽ ആവിഷ്കരിച്ച് കെ.എസ്.ആർ.ടി.സി.യിലെ മുഴുവൻ ഡ്രൈവർമാർക്കും പ്രസ്തുത പരിശീലനം നൽകി വരികയും ചെയ്യുന്നു. അപകടങ്ങൾ ഒഴിവാക്കുക എന്ന ലക്ഷ്യം മുൻനിർത്തി മോട്ടോർ വെഹിക്കിൾ, ആരോഗ്യം, പോലീസ് എന്നീ വകുപ്പുകളുടെ സഹകരണത്തോടെ " അപകട രഹിത ഡ്രൈവിംഗ്" എന്ന തീവ്ര പരിശീലന പരിപാടി 2016 ആഗസ്റ്റ് മാസം മുതൽ കെ.എസ്.ആർ.ടി.സി യുടെ വിവധ പരിശീലന കേന്ദ്രങ്ങളിൽ വച്ച് നടത്തി വരുന്നു. കൂടാതെ അപകടത്തിൽപ്പെടുന്ന ഡ്രൈവർമാർക്ക് "തിരുത്തൽ |

പരിശീലന പരിപാടി " ഒരു തുടർ നടപടിയായും നൽകി വരുന്നു. സ്കാനിയ, വോൾവോ തുടങ്ങിയ ആധുനിക ബസുകളിൽ നിയോഗിക്കുന്ന ഡ്രൈവർമാർക്കും അശോക് ലൈലാന്റ്, ടാറ്റാ മോട്ടോഴ്സ്, വി.ഇ. കോമേഴ്സ്യൽ വെഹിക്കിൾസ് എന്നീ വാഹന നിർമ്മാതാക്കളും ഡ്രൈവർ പരിശീലന കേന്ദ്രങ്ങളിൽ വച്ച് പരിശീലനം നൽകിയ ശേഷമാണ് നിയോഗിക്കുന്നത്. സമയബന്ധിതമായും റിഫ്രഷർ ട്രയിനിംഗ് നൽകിയും സ്പീഡ് ഗവർണർ സംവിധാനം ഉൾപ്പെടെയുള്ള ക്രമീകരണങ്ങൾ ഏർപ്പെടുത്തിയും വരുന്നു.

സെക്ഷൻ ഓഫീസർ